**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3097** **11-03-2025 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം നാവായിക്കുളം ഔട്ടർ റിംഗ് റോഡ് -നഷ്ടപരിഹാര വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം - നാവായിക്കുളം ഔട്ടർ റിംഗ് റോഡിന്റെ നഷ്ടപരിഹാര വിതരണത്തിനുള്ള നടപടികൾ പുനരാരംഭിച്ചിട്ടുണ്ടോയെന്നുള്ള വിശദാംശം ലഭ്യമാക്കുമോ; | (എ) | **വിഴിഞ്ഞം നാവായിക്കുളം ഔട്ടർ റിംഗ് റോഡിന്റെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. പദ്ധതിക്കാവശ്യമായി 24 വില്ലേജുകളിൽ നിന്നായി 413.41 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി NH Act 1956 സെക്ഷൻ 3എ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.ഇതിൽ 100.11 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള 3ഡി വിജ്ഞാപനം ഗവൺമെന്റ് ഓഫ് ഇന്ത്യാ ഗസറ്റിൽ താഴെപറയുന്ന തീയതികളിൽ പുറപ്പെടുവിച്ചിട്ടുണ്ട്.**<br><br>**SO 1541(E) dated 31.03.2023**<br><br>**SO 1625(E) dated 05.04.2023**<br><br>**SO 1854(E) dated 24.04.2023**<br><br>**SO 1974(E) dated 01.05.2023**<br><br>ബാക്കിയുള്ള ഭൂമി ഏറ്റെടുക്കുന്നതിനുള്ള 3ഡി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള **നടപടികൾ പുരോഗമിക്കുന്നു.** |
| (ബി) | പ്രസ്തുത പദ്ധതിക്ക് പബ്ലിക് - പ്രൈവറ്റ് പാർട്ണർഷിപ്പ് അപ്രൈസൽ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | പദ്ധതിക്ക് അംഗീകാരം നൽകുന്ന വിഷയം ബന്ധപ്പെട്ട അതോറിറ്റി പരിശോധിച്ച് വരുന്നു |
| (സി) | നഷ്ടപരിഹാര വിതരണത്തിൽ നിലവിൽ എന്തെങ്കിലും പ്രതിസന്ധി നേരിടുന്നുണ്ടോയെന്നും ഭൂവുടമകൾക്ക് നഷ്ടപരിഹാരം എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയുമെന്നും വ്യക്തമാക്കുമോ? | (സി) | ബന്ധപ്പെട്ട അതോറിറ്റിയിൽ നിന്നും പദ്ധതിക്ക് അംഗീകാരം ലഭ്യമായാലുടൻ നഷ്ടപരിഹാര വിതരണം ആരംഭിക്കുന്നതാണ് എന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. നിലവിൽ പ്രതിസന്ധി ഒന്നും ഇല്ലെന്നും ദേശീയപാത അതോറിറ്റി അറിയിക്കുന്നു. |

സെക്ഷൻ ഓഫീസർ